# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.901      11/06/2014 - ൽ മറുപടിക്ക്

### പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിലെ പുറംകരാർ നിയമനം

**ചോദ്യം**

ശ്രീ. പി. കെ. ഗുരുദാസൻ

**ഉത്തരം**

ശ്രീ.ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി)

എ) പാരിപ്പ ള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ പുറംകരാർ നിയമനം നടത്തുന്ന എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

എ) ഉണ്ട്. പാരിപ്പള്ളി ഇ.എസ്.ഐ ആശുപത്രി നിലവിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ അധികാര പരിധിയിലാണുള്ളത് ഇവിടുത്തെ നിയമനങ്ങൾ ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ടാണ് നടത്തുന്നത്.

ബി) കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികയിലാണ് നിയമനം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

ബി) നിലവിൽ ഹൗസ് കീപ്പിങ്, ക്ലീനിംഗ് വിഭാഗങ്ങളിലെ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ വിഭാഗം ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഔട്ട്സോഴ്സിംഗ്‌വഴി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയിട്ടുണ്ട്.

സി) കരാർ നിയമനത്തിന് പകരം സ്ഥിരം നിയമനം നടത്തുന്നതിന് വേണ്ടി കേന്ദ്ര തൊഴിൽ വകുപ്പിൽ സമ്മർദ്ദം ചെലുത്തുമോ ?

സി) നഴ്സിംഗ്, പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെ സ്ഥിര നിയമനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇ.എസ്.ഐ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതുവരെ പരമാവധി 6 മാസത്തേക്കാണ് ഈ തസ്തികകളിൽ കരാർ നിയമനം നടത്തുന്നത്.

സെക്ഷൻ ഓഫീസർ